**ശ്രദ്ധക്ഷണിക്കൽ**

(1) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി

ശ്രീ. ഐ. ബി. സതീഷ്: സർ, ഇന്ന് ഒക്ടോബർ 15, വിഴിഞ്ഞം തുറമുഖത്ത് ആദ്യമായി ഒരു മദർഷിപ്പ് നങ്കൂരമിട്ടിട്ട് ഒരു വർഷം തികയുന്ന ദിവസമാണ്. ഇതിനോടകം അറുപത്തെട്ടായിരം കണ്ടെയ്നറുകൾ കൈകാര്യം ചെയ്യപ്പെട്ടു കഴിഞ്ഞിരിക്കുന്നു. അസാധ്യമായതിനെ സാധ്യമാക്കുന്ന ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിന്റെ ഇച്ഛാശക്തിയുടെ മാതൃകയാണ് വിഴിഞ്ഞം തുറമുഖം. ഉയർന്നുവന്ന പ്രതിസന്ധികളും മന:പൂർവം ഉയർത്തിയ പ്രതിബന്ധങ്ങളെയും അവധാനതയോടെ അതിജീവിച്ചാണ് ചരിത്രത്തിലെ ഈ അവിസ്മരണീയ നിമിഷം മലയാളികൾക്ക് ഈ ഗവൺമെന്റ് സമ്മാനിച്ചത്. ഇന്റർനാഷണൽ ഷിപ്പ് ആൻഡ് പോർട്ട് ഫെസിലിറ്റി സെക്യൂരിറ്റി കോഡ് അംഗീകാരം നേടി ലോകത്തെതന്നെ ഏറ്റവും പ്രധാന തുറമുഖമാക്കി വിഴിഞ്ഞത്തെ മാറ്റിത്തീർക്കുന്നതിന് ആവശ്യമായ അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിന് സർക്കാർ എടുത്തിട്ടുള്ള തീരുമാനങ്ങൾ വിശദീകരിക്കുമോ?

തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ ഒന്നാംഘട്ട കമ്മീഷനിംഗ് ഡിസംബർ മാസത്തിൽ നടത്തുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നുവരികയാണ്. തുറമുഖത്തിന്റെ ട്രയൽറൺ 2024 ജൂലൈ 11-ന് ആരംഭിച്ചു. ഇതിനുശേഷം 29 കപ്പലുകൾ തുറമുഖത്തെത്തിയിട്ടുണ്ട്. 68000-ത്തിലധികം കണ്ടെയിനറുകളാണ് ഇതുവരെ കൈകാര്യം ചെയ്തത്. ട്രയൽറൺ വിജയകരമായി പുരോഗമിക്കുകയാണ്. സർക്കാരിന്റെ ഇച്ഛാശക്തിയോടെയുള്ള ഇടപെടലുകളിലൂടെയാണ് പ്രതിസന്ധികളെല്ലാം തരണം ചെയ്ത് വിഴിഞ്ഞം തുറമുഖ പദ്ധതി യാഥാർത്ഥ്യമാകുന്നത്. കൺസഷൻ കരാറിലെ വ്യവസ്ഥപ്രകാരം 2019-ലായിരുന്നു, ആദ്യഘട്ട നിർമ്മാണം പൂർത്തിയാകേണ്ടിയിരുന്നത്. ഓഖി, പ്രളയം, കോവിഡ് തുടങ്ങിയ കാരണങ്ങളാൽ പദ്ധതി നിശ്ചിത സമയത്ത് പൂർത്തിയാക്കാൻ കഴിയാതെ വരികയും ആർബിട്രേഷൻ നടപടിയിലേയ്ക്ക് പോവുകയും ചെയ്തു. കരാർ പ്രകാരം പദ്ധതിയുടെ രണ്ടും മൂന്നും ഘട്ടം 2045-ലാണ് പൂർത്തിയാക്കേണ്ടിയിരുന്നത്. എന്നാൽ ആർബിട്രേഷൻ നടപടി അവസാനിപ്പിച്ചതിന്റെ ഭാഗമായുള്ള

വ്യവസ്ഥപ്രകാരം 2028 ഡിസംബർ മാസത്തിനുമുമ്പ് തുറമുഖത്തിന്റെ വിവിധ ഘട്ടങ്ങളുടെ നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. നേരത്തെ നിശ്ചയിച്ചതിനെക്കാൾ പതിനേഴ് വർഷം മുമ്പ് പദ്ധതിയുടെ തുടർഘട്ടങ്ങൾ പൂർത്തിയാക്കുന്നതിലൂടെ ചുരുങ്ങിയ കാലയളവിൽ വൻതോതിലുള്ള നിഷേപം ഉറപ്പുവരുത്താൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. ചുരുങ്ങിയ കാലയളവിൽ തുറമുഖ വികസനത്തിനായി പതിനായിരം കോടി രൂപയുടെ നിക്ഷേപമാണ് പ്രതീക്ഷിക്കുന്നത്. ചരക്കുസേവന നികുതി ഉൾപ്പെടെ നികുതിയിനത്തിലും തൊഴിൽ സാധ്യതയിലും വലിയ വർധനയുണ്ടാക്കുന്നതിന് ഇത് സഹായകമാകും. റവന്യൂ ഷെയറിംഗ് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുള്ള 2034 -നു മുമ്പ്  എല്ലാഘട്ടങ്ങളും പൂർത്തിയാക്കാൻ കഴിയുന്നതിലൂടെ കൂടുതൽ വരുമാന വിഹിതം സംസ്ഥാനത്തിന് ലഭിക്കും. അടുത്ത ഘട്ടങ്ങളുടെ ഭാഗമായുള്ള പാരിസ്ഥിതിക ആഘാത പഠനത്തിന്റെ കരട് റിപ്പോർട്ടിന്മേൽ ഇതിനകം പബ്ലിക് ഹിയറിംഗ് നടത്തിയിട്ടുണ്ട്. തുടർനടപടി ത്വരിതഗതിയിൽ പൂർത്തിയാക്കാൻ സർക്കാരിന്റെ ഇടപെടലുണ്ടാകും. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി സംസ്ഥാനത്ത് അവസരങ്ങളുടെ വാതായനങ്ങൾ തുറക്കും.

സംസ്ഥാനത്തിന്റെയും രാജ്യത്തിന്റെയും സമ്പദ്‌വ്യവസ്ഥ മെച്ചപ്പെടുത്തുന്നതിൽ നിർണ്ണായക പങ്ക് വഹിക്കും. തുറമുഖ വികസനവും തുറമുഖാധിഷ്ഠിത വ്യവസായ-വാണിജ്യ സംരംഭങ്ങളും കേരളത്തിന്റെ സാമ്പത്തിക മുന്നേറ്റത്തിലും അതുവഴി നേരിട്ടും അല്ലാതെയും തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സാധിക്കും. സാധ്യമായ വ്യാവസായിക വാണിജ്യ പ്രവർത്തനങ്ങൾ നടപ്പിലാക്കി, തുറമുഖത്തിന്റെ സാധ്യതകൾ പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. ഔട്ടർ ഏരിയ ഗ്രോത്ത് ക്വാറിഡോർ, ഔട്ടർ റിംഗ് റോഡ് മുതലായവയ്ക്കുള്ള പ്രാഥമിക അനുമതികൾ നൽകിക്കഴിഞ്ഞു. വിഴിഞ്ഞം മുതൽ നാവായിക്കുളം വരെയാണ് ഔട്ടർ റിംഗ് റോഡ് വിഭാവനം ചെയ്തിരിക്കുന്നത്. ഇരുവശത്തായി രണ്ടരക്കിലോ മീറ്റർ പ്രദേശത്ത് വിവിധങ്ങളായ വ്യവസായ-വാണിജ്യശാലകൾ സ്ഥാപിക്കുകയാണ് ലക്ഷ്യം. റിന്യൂവബിൾ  എനർജി പാർക്ക്, ഗ്രീൻ ഹൈഡ്രജൻ ഹബ്ബ്, സീ ഫുഡ് പാർക്ക്, അഗ്രിക്കൾച്ചറൽ പാർക്ക്, ലോജിസ്റ്റിക്സ് ആൻഡ് വെയർഹൗസിംഗ്, തുറമുഖാധിഷ്ഠിത വ്യാവസായിക ഇടനാഴി എന്നിവയുടെ സാധ്യത പരിശോധിക്കാൻ കൺസൾട്ടന്റിനെ കണ്ടെത്തുന്നതിനുള്ള ടെണ്ടർ നടപടി

പുരോഗമിക്കുന്നു. തുറമുഖത്തെ ദേശീയപാതയുമായി ബന്ധിപ്പിക്കുന്ന അപ്രോച്ച് റോഡിന്റെ നിർമ്മാണം അന്തിമഘട്ടത്തിലാണ്. അന്താരാഷ്ട്ര ദേശീയ റെയിൽ ശൃംഖലയുമായി ബന്ധിപ്പിക്കുന്ന 10.7 കിലോ മീറ്റർ ദൈർഘ്യമുള്ള റെയിൽപ്പാതയുടെ നിർമ്മാണത്തിന് ദക്ഷിണ റെയിൽവേയിലൂടെ അംഗീകാരവും ലഭിച്ചിട്ടുണ്ടെന്ന കാര്യം അറിയിക്കുകയാണ്.

<u>ശ്രീ. ഐ. ബി. സതീഷ്</u>: സർ, വിഴിഞ്ഞം തുറമുഖത്തിന്റെ പശ്ചാത്തല വികസനത്തിന് ഏറെ പ്രാധ്യാന്യമുള്ളതാണ് ഔട്ടർ റിംഗ് റോഡ്. വിഴിഞ്ഞം മുതൽ നാവായിക്കുളം വരെയുള്ള ഔട്ടർ റിംഗ് റോഡ് ദേശീയപാതയുടെ ഭാഗമാണ്. ദേശീയപാതയ്ക്ക് കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായം എല്ലാ കാലത്തും ലഭ്യമായിട്ടുണ്ട്. എന്നാൽ ഔട്ടർ റിംഗ് റോഡിന് കേന്ദ്ര സർക്കാർ സഹായം നൽകാത്തത് വഴി ഭൂമി വിട്ട് നൽകാൻ തയ്യാറായവർ ആശങ്കയിലാണ്. അവരുടെ ആശങ്ക പരിഹരിക്കാനും എത്രയും വേഗം ഔട്ടർ റിംഗ് റോഡ് യാഥാർഥ്യമാക്കാനും നടപടി സ്വീകരിക്കുമോ?

<u>ശ്രീ. വി. എൻ. വാസവൻ</u>: സർ, സംസ്ഥാന ഗവൺമെന്റിന്റെ വിഹിതം ഇതിനോടകംതന്നെ നേരത്തെ ക്യാബിനറ്റ് തീരുമാനിച്ച് പ്രഖ്യാപിച്ചു. കേന്ദ്രത്തിന്റെ

സഹായത്തിനുവേണ്ടി ശ്രമിക്കുന്നു. ഇക്കാര്യം അടിയന്തിരമായി പരിഹരിക്കാൻ ശ്രമിക്കും.

## (2) റോഡുകളുടെ ശോച്യാവസ്ഥ പരിഹരിക്കൽ

ശ്രീ. മോൻസ് ജോസഫ്: സർ, സംസ്ഥാനത്തൊട്ടാകെ റോഡുകൾ തകർന്നതുമൂലം ഉണ്ടായിരിക്കുന്ന ഗുരുതരമായ പ്രശ്നം സത്യത്തിൽ അടിയന്തര പ്രമേയമായി സഭയിൽ അവതരിപ്പിച്ച് ചർച്ച ചെയ്യേണ്ട വിഷയമാണ്. ദിവസത്തിന്റെ പരിമിതി കാരണം അതിലേക്ക് കടക്കാൻ കഴിയാതെ ശ്രദ്ധക്ഷണിക്കലിലേക്ക് വരികയാണ്. ശബരിമല സീസൺ ആരംഭിക്കാൻ പോകുകയാണ്. ശബരിമല സീസൺ ആരംഭിക്കുന്നതിന് മുമ്പായി സംസ്ഥാന പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ വരുന്ന റോഡുകൾ മുഴുവൻ സഞ്ചാര യോഗ്യമാക്കി മാറ്റുക എന്നത് എല്ലാ വർഷവും കൃത്യമായി ചെയ്യുന്ന കാര്യമാണ്. ഇപ്രാവശ്യം ബഹുമാനപ്പെട്ട കോടതിയുടെ  വിമർശനം വരുന്ന വിധത്തിൽ ഈ വിഷയങ്ങൾ വന്നിരിക്കുന്നത് സമയബന്ധിതമായി ഇക്കാര്യങ്ങൾ നടപ്പാക്കാൻ കഴിയാതെ പോയതുകൊണ്ടാണ്. തകർന്നടിഞ്ഞ റോഡുകളുടെ ദുരവസ്ഥമൂലം പൊതുമരാമത്ത് വകുപ്പിൽ നിലനിൽക്കുന്ന വിഷയം ഒരു ഭാഗത്ത്.  ഗ്രാമീണ റോഡുകൾ തകർന്നതുമൂലം കേരളമൊട്ടാകെ ഉണ്ടായിരിക്കുന്ന ഗുരുതര പ്രതിസന്ധിയെക്കുറിച്ച്  കഴിഞ്ഞ

ദിവസം മാതൃഭൂമി ഉൾപ്പെടെയുള്ള പത്രങ്ങളിൽ വലിയ തലക്കെട്ട് വന്നു. അത് തദ്ദേശസ്വയംഭരണ വകുപ്പിന്റെ മേൽനോട്ടത്തിൽ നടക്കേണ്ട കാര്യമാണ്. വാട്ടർ അതോറിറ്റിയും പി.ഡബ്ല്യു.ഡി.-യും തമ്മിലുള്ള തർക്കത്തെ തുടർന്ന് നിരവധിയായ റോഡുകൾ സംസ്ഥാനത്ത് സഞ്ചാരയോഗ്യമാക്കാൻ കഴിയാത്ത വിധത്തിൽ കിടക്കുകയാണ്. രണ്ട് വകുപ്പുകളുടെയും ഏകോപനം ഫലപ്രദമായി നടത്താൻ കഴിയാത്ത വിഷയം സർക്കാർ തലത്തിൽ നിൽക്കുകയാണ്. ആയതിനാൽ നിരവധി ബുദ്ധിമുട്ടുകൾ അനുഭവിക്കേണ്ടി വരുന്നു. വാട്ടർ അതോറിറ്റിയുടെ പൈപ്പ് ഇട്ടതിനുശേഷം റോഡുകൾ റെസ്റ്റോർ ചെയ്യാൻ ആവശ്യമായ തുക മാറ്റി വയ്ക്കാത്ത നിരവധിയായ പ്രശ്നങ്ങളുണ്ട്. ആ റോഡുകളിലെല്ലാം വർക്ക് ചെയ്യാൻ കഴിയാത്ത അവസ്ഥയുണ്ടാകുന്നു. വാട്ടർ അതോറിറ്റി ഫണ്ട് നൽകിയാലും പി.ഡബ്ല്യു.ഡി.-യുടെ അംഗീകാരം ലഭിച്ചാൽ മാത്രമേ പിന്നീട് ടെണ്ടർ ചെയ്യാൻ കഴിയൂ. വർക്കിന് sanction കൊടുക്കുന്നതിനുള്ള കാലതാമസം വലിയ പ്രശ്നമായി വരികയാണ്. ഇത്തരത്തിലുള്ള വിഷയങ്ങൾ നിരവധി റോഡുകൾക്കുണ്ട്. കടുത്തുരുത്തി - പിറവം മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന പ്രധാനപ്പെട്ടൊരു വർക്കാണ് പെരുവ-പിറവം-പെരുവാമൂഴി റോഡിന്റെ നിർമ്മാണം. ബഹുമാനപ്പെട്ട മന്ത്രി ഉൽഘാടനം ചെയ്ത് തുടക്കം കുറിച്ച വർക്കിപ്പോൾ

മുടങ്ങിയിരിക്കുകയാണ്. ഗവൺമെന്റ് യഥാസമയം ഫണ്ട് നൽകാത്തതുകൊണ്ട് ഉണ്ടായിരിക്കുന്ന പ്രശ്നത്തെ തുടർന്ന് റോഡ് നിർമ്മാണം മുടങ്ങിയതുകൊണ്ട് സഞ്ചരിക്കാൻ കഴിയാത്ത വിധത്തിൽ വലിയൊരു ദുരവസ്ഥ നിൽക്കുകയാണ്. കടുത്തുരുത്തി-വൈക്കം മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന റോഡാണ് മുട്ടുചിറ-ആയാംകുടി-എഴുമാന്തുരുത്ത്-വടയാർ വഴി മുളക്കുളത്ത് വരുന്ന റോഡ്. അതിന്റെയും നിർമ്മാണം മുടങ്ങിയിരിക്കുകയാണ്. ഇങ്ങനെയുള്ള നിരവധിയായ റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ മുടങ്ങിയതുകൊണ്ട് ജനങ്ങൾ വലിയ പ്രതിഷേധത്തിനും സമരത്തിനും നിൽക്കുകയാണ്. സംസ്ഥാനത്തൊട്ടാകെ ഈ വിഷയങ്ങളുണ്ട്. ജസ്റ്റീസ് ദേവൻ രാമചന്ദ്രൻ സഞ്ചരിച്ച വാഹനം കഴിഞ്ഞ ദിവസം പി.ഡബ്ല്യൂ.ഡി. റോഡിലെ കുഴിയിൽ വീണ് ടയർ പൊട്ടി വലിയ പ്രതിസന്ധി ഉണ്ടായത് മാധ്യമങ്ങളിലെല്ലാം വരികയുണ്ടായി. ശബരിമല സീസണായ മണ്ഡലകാലം ആരംഭിക്കുന്നതിന് മുമ്പ് റോഡ് നന്നാക്കുക എന്ന നിലപാട് ഗവൺമെന്റ് സമയത്ത് സ്വീകരിക്കാത്തതുകൊണ്ട് ബുദ്ധിമുട്ടുകയാണ്. ഇത് ഇനി എപ്പോൾ നടക്കാനാണ്? ഭരണപക്ഷ/ പ്രതിപക്ഷ ഭേദമെന്യേ എല്ലാ അസംബ്ലി മണ്ഡലങ്ങളിലും ഇത് വലിയ പ്രശ്നമായി വരികയാണ്. പ്രസ്തുത വിഷയത്തിൽ ഗവൺമെന്റ് കുറച്ചുകൂടി ജാഗ്രത കാണിക്കാൻ തയ്യാറാകണം. BM&BC

(Bituminous Macadam and Bituminous Concrete) റോഡുകളാണ് നമുക്ക് കുറച്ചെങ്കിലും യാത്രചെയ്യാവുന്നത്. BM&BC റോഡുകളുടെ എണ്ണം വർദ്ധിപ്പിക്കാൻ ഗവൺമെന്റ് നയപരമായി തീരുമാനിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. നിലവിലുള്ള BM&BC റോഡുകൾ ഓവർ ലെയർ /റീ-ടാറിംഗ് നടത്തേണ്ട സമയമാണ്. ഉദാഹരണമായി കോട്ടയം ജില്ലയിൽ BM&BC റോഡുകൾ പത്തും-പന്ത്രണ്ടും വർഷമായി ഓവർ ലെയർ ചെയ്യാൻ കഴിയാത്തതുകൊണ്ട് ആ റോഡും നശിക്കുകയാണ്. സമയത്ത് കാര്യങ്ങൾ ചെയ്യണമെങ്കിൽ ധനകാര്യ വകുപ്പ് കനിയണം. ഞങ്ങൾക്ക് മനസ്സിലാകുന്നുണ്ട്.

മി. സ്പീക്കർ: യെസ്... പ്ലീസ്... പ്ലീസ്... ശ്രീ. മോൻസ് ജോസഫ്.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ നിർത്താം. കഴിഞ്ഞ ബജറ്റിൽ ആയിരം കോടി രൂപ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഗ്രാമീണ റോഡുകൾ നന്നാക്കാൻ വേണ്ടി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിച്ചു. ഇതുവരെ അതിന്റെ നടപടികളിലേക്ക് കടന്നിട്ടില്ല. തീർച്ചയായും നടപടിയിലേക്ക് വരണം. ഭരണമുന്നണിയിൽ മാത്രമായി അത് ഒതുക്കരുത്. കേരളത്തിലെ റോഡുകളെല്ലാം ഒന്നുപോലെയാണ്. ഗ്രാമീണ റോഡുകളുടെ കാര്യത്തിൽ ഈ ആയിരം കോടി രൂപ പൊതുമരാമത്ത് വകുപ്പിനും.....

മി. സ്പീക്കർ: യെസ്... പ്ലീസ്... പ്ലീസ്...

ശ്രീ. മോൻസ് ജോസഫ്: സർ, പൊതുമരാമത്ത് വകുപ്പിനും അതിൽ നിന്ന് കുറച്ച് ഫണ്ടെങ്കിലും നൽകാൻ തയ്യാറാകണം. അതിൽ പ്രതിപക്ഷ മണ്ഡലങ്ങളെക്കൂടി പരിഗണിക്കണമെന്ന് പ്രത്യേകം അഭ്യർഥിക്കുകയാണ്. പൊതുമരാമത്ത് വകുപ്പിലും അതുപോലെ തദ്ദേശസ്വയംഭരണ വകുപ്പിലും റോഡുകൾ സഞ്ചാര യോഗ്യമാക്കാൻ നടപടിയുണ്ടാകണം. ഇവിടെ ഉന്നയിക്കുന്നത് പി.ഡബ്ല്യൂ.ഡി. റോഡുമായി ബന്ധപ്പെട്ട വിഷയമാണ്. അക്കാര്യത്തിൽ ഏറ്റവും കൂടുതൽ പ്രതിസന്ധി നേരിടുന്ന സാഹചര്യം കണക്കിലെടുത്ത് റോഡുകൾ നവീകരിക്കുന്ന നടപടി സ്വീകരിക്കണമെന്ന് അഭ്യർഥിക്കുകയാണ്.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ശ്രീ. മോൻസ് ജോസഫ് പഴയ പൊതുമരാമത്ത് വകുപ്പുമന്ത്രി കൂടിയാണ്. ഈ വിഷയം അടിയന്തര പ്രമേയമായി കൊണ്ടുവരേണ്ടതായിരുന്നുവെന്ന് അദ്ദേഹം സൂചിപ്പിച്ചു. യഥാർഥത്തിൽ അത് കൊണ്ടുവരണമായിരുന്നു എന്നതാണ് എന്റെയും അഭിപ്രായം. കാരണം ഓരോ അംഗങ്ങൾക്കും അത് ചർച്ച ചെയ്യാനുള്ള അവസരംകൂടി ലഭിക്കുമായിരുന്നു. ധനകാര്യ വകുപ്പിന്റെ പാളിച്ച സംബന്ധിച്ച ഒരു വിഷയവും ഇവിടെയില്ല. പക്ഷേ അദ്ദേഹം ഇത്

പറയുമ്പോൾ കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിനോട് കാണിക്കുന്ന സമീപനം പരാമർശിക്കാതെ പോയത് ഒരു ഡീലിന്റെ ഭാഗമാണെന്ന് സ്വാഭാവികമായി എനിക്ക് തോന്നുകയാണ്. അക്കാര്യംകൂടി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇത്തരം കാര്യങ്ങൾ ചോദിക്കുമ്പോൾ എന്തുകൊണ്ട് ഇങ്ങനെയൊക്കെ പറയുന്നുവെന്നാകും അടുത്തത്. ചോദ്യത്തിനല്ലേ ഉത്തരം നൽകേണ്ടത്. തീർച്ചയായും ഇങ്ങോട്ട് എങ്ങനെയാണോ അതുപോലെ തിരിച്ചും പറയും, അതിലൊരു സംശയവുമില്ല. സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പ് റോഡുകളുടേയും ദേശീയ പാതകളുടേയും പരിപാലനവുമായി ബന്ധപ്പെട്ട് കഴിഞ്ഞ ദിവസം സഭയിൽ ചില കാര്യങ്ങൾ വ്യക്തമാക്കിയിരുന്നു. പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള 29573 കി.മീ. റോഡുകളിൽ 17000 കി.മീ. റോഡുകൾ BM&BC നിലവാരത്തിലേക്ക് ഉയർത്തിക്കഴിഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ BM&BC റോഡുകളുടെ എണ്ണം വർദ്ധിപ്പിക്കണമെന്ന് പറഞ്ഞു. 2021-ലെ എൽ.ഡി.എഫ്. പ്രകടന പത്രികയിൽ കേരളത്തിലെ പൊതുമരാമത്ത് വകുപ്പ് റോഡുകളിൽ 50 ശതമാനം റോഡുകള BM&BC ആക്കുമെന്ന് പറഞ്ഞത് മൂന്നര വർഷത്തിനുള്ളിൽ തന്നെ പൂർത്തീകരിക്കാൻ ഈ സർക്കാരിന് സാധിച്ചുവെന്നത് ഈ സഭയെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ബാക്കിയുള്ളതിൽ നമുക്ക് ഇടപെടാം. കേന്ദ്ര സർക്കാറിന്റെ

ചില പിടിച്ച് വയ്ക്കൽ അതിലൊരു പ്രശ്നമാണ്. ദീർഘകാലം നിലനിൽക്കാൻ കഴിയുന്ന ഡിസൈൻഡ് റോഡുകളുടെ പ്രവർത്തിയും ഇതിന്റെ ഭാഗമായി മുന്നോട്ട് വരുന്നുണ്ട്. അക്കാര്യം വിശദമായി നേരത്തെ സൂചിപ്പിച്ചിരുന്നു. ശാസ്ത്രീയമായ പദ്ധതികൾ ആവിഷ്കരിക്കുന്നതിനും അവ നടപ്പിലാക്കുന്നതിനും പി.ഡബ്ല്യൂ.ഡി. എല്ലാ നിലയിലും ഇടപെടുന്നുണ്ട്. സുതാര്യത ഉറപ്പുവരുത്തുക എന്നത് വലിയ പ്രശ്നമായിരുന്നു. 2016-ന് മുമ്പ് ഉണ്ടായിരുന്നൊരു പ്രശ്നം സുതാര്യത ഉറപ്പ് വരുത്താനും ജനങ്ങളെ കാര്യങ്ങൾ ബോധ്യപ്പെടുത്താനും എന്തുചെയ്യുന്നു എന്നുള്ളതായിരുന്നു. ഇന്ന് റോഡുകളുടെ പരിപാലന കാലാവധിയെല്ലാം ജനങ്ങൾക്ക് മനസ്സിലാകുന്ന നിലയിലേക്ക് പരസ്യപ്പെടുത്തിക്കൊണ്ടാണ് സർക്കാർ മുന്നോട്ട് പോകുന്നത്. അത് ഇനിയും മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കും. ഓരോ കരാറുകാരനും ഓരോ റോഡുകളുടെ പരിപാലന ചുമതല എന്ന നിലയിൽ കേരളത്തിലെ 90 ശതമാനം റോഡുകളും മാറിയെന്നുള്ളത് എടുത്ത് പറയേണ്ട കാര്യമാണ്. ഇവിടെ JJM (Jal Jeevan Mission)-മായി ബന്ധപ്പെട്ട പ്രശ്നമുണ്ട്, അക്കാര്യം പരിഹരിക്കാൻ ഇടപെടുന്നുണ്ട്. അതിൽ ഏകോപനമില്ലെന്ന് പറയുന്നത് ശരിയല്ല, നല്ല നിലയിലുള്ള ഏകോപനമുണ്ട്. ഞങ്ങൾ മന്ത്രി തലത്തിൽ തന്നെ കാര്യങ്ങൾ ചെയ്ത് ഏകോപിച്ചതിനുശേഷമാണ് മുന്നോട്ട് പോകുന്നത്. പ്രശ്നങ്ങളുണ്ട്,

അത് പരിഹരിക്കാനുള്ള എല്ലാ ഇടപെടലുകളും നടത്തുമെന്നുള്ളത് സഭയെ അറിയിക്കുകയാണ്. പ്രകൃതി ദുരന്തത്തിൽ മരാമത്ത് വകുപ്പിന്റെ നഷ്ടം 852 കോടി 78 ലക്ഷം രൂപയാണ്. അക്കാര്യം ധനകാര്യ വകുപ്പുമായി ചർച്ച ചെയ്തിട്ടുണ്ട്. നവീകരണത്തിനാവശ്യമായ കാര്യങ്ങൾ വിലയിരുത്തി മുന്നോട്ട് പോകുന്നുണ്ട്. കാലാവസ്ഥ വ്യതിയാനമെന്ന് പറഞ്ഞ് നിലവിളിച്ച് കരയാനല്ല തയ്യാറായിട്ടുള്ളത്. അതിനുപരിഹാരം കാണാൻ എന്തൊക്കെ ചെയ്യാനാകുമെന്നുള്ളത് KHRI-ഉൾപ്പെടെയുള്ള ഗവേഷണ കേന്ദ്രങ്ങളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഇടപെടലുകൾ ഇതിന്റെ ഭാഗമായി നടത്തിയിട്ടുണ്ട്. CRIF ഉൾപ്പെടെയുള്ള പദ്ധതികൾ നമ്മൾ ആവശ്യപ്പെട്ട് ഫണ്ട് ലഭിക്കാത്ത സാഹചര്യം നിലനിൽക്കുന്നുണ്ട്. കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നും അത്തരമൊരു സമീപനമുണ്ട്. ചില റോഡുകൾക്ക് പ്രശ്നങ്ങളുണ്ട്, എന്നാൽ ഭൂരിഭാഗം റോഡുകളും നല്ല നിലയിലാണ്. എന്നാൽ അക്കാര്യങ്ങളെല്ലാം മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യണമെന്നില്ല. കേരളത്തിലെ റോഡുകളിലെവിടെയെങ്കിലും കുഴിയോ മറ്റോ ഉണ്ടെങ്കിൽ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യും. അതിന് അവർ പ്രത്യേക പരമ്പര നടത്തും. എന്നാൽ കേരളത്തിലെ മികച്ച റോഡുകളെക്കുറിച്ച് ദൃശ്യ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യാൻ തയ്യാറായാൽ അവരുടെ ഒരു മാസത്തെ പരിപാടികൾ മുഴുവൻ മാറ്റി വയ്ക്കേണ്ടി വരും. കേരളത്തിലെ

റോഡുകൾ അത്രയ്ക്ക് മികവുറ്റ റോഡുകളാണ്. മറ്റ് തെറ്റായ പ്രവണതകൾ ഇന്നില്ലെന്നുള്ളതാണ് അതിൽ ഏറ്റവും വലിയ പ്രശ്നം. കരാറുകാർ തെറ്റായ നിലപാട് സ്വീകരിച്ചാൽ അവർക്കെതിരെ സമീപനം സ്വീകരിക്കും.

മി. സ്പീക്കർ: യെസ്... മിനിസ്റ്റർ പ്ലീസ്....

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, അങ്ങനെ സാധ്യമാകുന്ന എല്ലാ കാര്യങ്ങളും ചെയ്തുകൊണ്ടാണ് മുന്നോട്ട് പോകുന്നത്. ഇനിയും ആ നിലയിൽത്തന്നെ മുന്നോട്ട് പോകാവുന്നതാണ്. മറ്റ് കാര്യങ്ങളിലേക്ക് ഞാൻ കടക്കുന്നില്ല. അദ്ദേഹം ഇവിടെ ചൂണ്ടിക്കാട്ടിയ JJM- ഉൾപ്പെടെയുള്ള വിഷയങ്ങൾ നമുക്ക് ചർച്ച ചെയ്ത് പരിഹരിച്ച് മുന്നോട്ട് പോകാം. ഗ്രാമീണ റോഡുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പും തദ്ദേശ വകുപ്പും നിലപാട് സ്വീകരിച്ചിട്ടുണ്ട്. അതിൽ  ഉടൻ തന്നെ പരിഹാരം കണ്ട് മുന്നോട്ട് പോകാനാകും.

ശ്രീ. മോൻസ് ജോസഫ്: സർ, 'ജൽ ജീവൻ' മിഷനുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ പ്രത്യേകതയുണ്ടെന്ന് പറയുമ്പോൾതന്നെ ഒരുകാര്യം പറയാനാഗ്രഹിക്കുകയാണ്. കടുത്തുരുത്തി ടൗണിനോട് ചേർന്ന്, കടുത്തുരുത്തി-പിറവം റോഡിൽ  പൈപ്പ് ഇട്ട് മൂന്ന് വർഷമായിട്ടും പരാതി പരിഹരിക്കപ്പെട്ടിട്ടില്ല. ബഹുമാനപ്പെട്ട ശ്രീ. റോഷി അഗസ്റ്റിനും ഈ

റോഡുമായി ബന്ധപ്പെട്ട കാര്യങ്ങൾ അറിയാവുന്നതാണ്. ഇക്കാര്യത്തിൽ പരാതിയുള്ള എം.എൽ.എ.-മാരെയുംകൂട്ടി രണ്ടു വകുപ്പുകൾ ചേർന്ന് ഒരു ചർച്ചയ്ക്ക് ഗവൺമെന്റ് തയ്യാറാകുന്നത് ഏറ്റവും ഉചിതമായിരിക്കുമെന്ന് പറയുകയാണ്. ഡീലിനെക്കുറിച്ച് അങ്ങ് പറഞ്ഞു. പ്രതിപക്ഷത്തുനിന്നാരും ഒരു ഡീലിനും പോകുന്നില്ല. ബഹുമാനപ്പെട്ട പി.ഡബ്ല്യു.ഡി. മന്ത്രിയുൾപ്പെടെയാണ് കേന്ദ്രസർക്കാരുമായി ബന്ധപ്പെട്ട് വിവിധ ഡീലുകൾ നടത്തികൊണ്ടിരിക്കുന്നതെന്ന് അങ്ങ് എന്നെകൊണ്ട് പറയിപ്പിച്ചതാണ്.

മി. സ്പീക്കർ: യെസ്......യെസ്......ബഹുമാനപ്പെട്ട മിനിസ്റ്റർ.....ചോദ്യം ക്ലിയറായി മിനിസ്റ്റർ.......മിനിസ്റ്റർ......യെസ്......യെസ്......

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ജൽ ജീവൻ മിഷനുമായി ബന്ധപ്പെട്ട യോഗം നമുക്ക് നടത്താം. ഡീലിന്റെ കഥ തൃശ്ശൂരിലെ കോൺഗ്രസ് വോട്ട് ചോർന്നതിൽ നിന്നുതന്നെ വളരെ വ്യക്തമാണല്ലോ; തൃശ്ശൂർ ഡി.സി.സി. ഓഫീസിൽ ഗുസ്തി മത്സരവും ഡി.സി.സി. പ്രസിഡന്റിനെ മാറ്റിയതും യു.ഡി.എഫ്. ചെയർമാനെ മാറ്റിയതും എന്തിന്റെ ഭാഗമായാണ്? അതിന്റെ അന്വേഷണ റിപ്പോർട്ടുപോലും പുറത്തുകൊണ്ടുവരാതെ ഡീലിനെക്കുറിച്ച്

പറയാൻ ഇവർക്ക് നാണമുണ്ടോ; ജെ.ജെ.എം-മായി ബന്ധപ്പെട്ട പ്രശ്നം തീർച്ചയായും നമ്മൾ ചർച്ച ചെയ്യുകയും അതിൽ ഇടപെട്ട് പരിഹാരമുണ്ടാക്കുകയും ചെയ്യാം.

മി. സ്പീക്കർ: ഇന്ന് നാല്പത് സബ്മിഷനുകളാണുള്ളത്. ബഹുമാനപ്പെട്ട അംഗങ്ങളോട് ചെയർ റിക്വസ്റ്റ് ചെയ്യുന്നത് പരമാവധി ചുരുക്കി അവതരിപ്പിക്കണമെന്നാണ്.